ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ, പി.ഒ, തിരുവനന്തപുരം പിൻ– 695035
Ph:0471-2302490 Fax:0471-2303025/2303080
**Email:** dhskerala@gmail.com **/Website:** www.dhs.kerala.gov.in

**ഇ.സി.1/33487/2021**/ആ.വ.ഡ തീയതി: 08.02.2023

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം:- ആ.വ.ഡ – വിജിലൻസ് – അനധികൃതമായി സർവ്വീസ് നിന്ന് വിട്ട് നിൽക്കുന്ന , ഇടുക്കി കുമാരമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ.ഡെൽവി റെബല്ലോയെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് – സംബന്ധിച്ച്.

പരാമർശം:- 1)കത്ത് നം.എ 1/5944/2021/ജി.മെ.ആ, ഇടുക്കി, തീയതി 15.05.2021
2) 01.10.2021 തീയതിയിലെ ഇ.സി.1/33487/2021/ആ.വ.ഡ നമ്പർ കുറ്റാരോപണ മെമ്മോ
3) കത്ത് നം.എ 5/14928/2021/ജി.മെ.ആ ഇടുക്കി, തീയതി 19.01.2022
4) 25.01.2022 തീയതിയിലെ ഡോ.ഡെൽവി റെബല്ലോയുടെ മറുപടി
5) ഉത്തരവ് നമ്പർ ഇ.സി.1/33487/2021/ആവഡ, തീയതി 19.03.2022
6)കത്ത് നമ്പർ ഇ.സി.1/33487/2021/ആവഡ, തീയതി 03.09.2022
7) 07.09.2022 തീയതിയിലെ ഡോ.ഡെൽവി റെബല്ലോയുടെ കത്ത്.
8) 16.09.2022 തീയതിയിലെ ഔപചാരികാന്വേഷണത്തിന്റെ ഭാഗമായി സമർപ്പിച്ച റിപ്പോർട്ട്.

ഇടുക്കി കുമാരമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ.ഡെൽവി റെബല്ലോ 01.11.2019 മുതൽ 28.02.2020 വരെ 120 ദിവസത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും, തുടർന്ന് ജോലിയിൽ പ്രവേശിക്കാതെ വീണ്ടും 60 ദിവസത്തേയ്ക്ക് കൂടി ശൂന്യവേതനാവധിയ്ക്ക് ടിയാരി അപേക്ഷ സമർപ്പിക്കുകയുണ്ടായെങ്കിലും ജില്ലാ മെഡിക്കൽ ഓഫീസർക്ക് 120 ദിവസത്തിന്മേൽ അവധി അനുവദിക്കാൻ സാധിക്കാത്തതിനാൽ അവധി അപേക്ഷ തിരിച്ചയയ്ക്കുകയുണ്ടായി. തുടർന്ന് ടിയാരി 01.11.2019 മുതൽ 31.12.2020 വരെ ശൂന്യവേതനാവധിയ്ക്കായി പുതിയ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യം അനുവദിച്ച അവധി റദ്ദാക്കുകയുണ്ടായി. 01.11.2019 മുതൽ 31.12.2020 വരെ അവധി അനുവദിച്ച് ഉത്തരവാകാത്തതിനാലും, ഡോ.ഡെൽവി റെബല്ലോ തിരികെ ജോലിയിൽ പ്രവേശിക്കാത്ത സാഹചര്യത്തിലും പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ ടിയാരിയുടെ അനധികൃതാവധി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ആയതിനെ തുടർന്ന് 1960-ലെ കെ.സി.എസ് (സി.സി.&എ) ചട്ടം 15 പ്രകാരം താങ്കൾക്ക് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

പരാമർശം (3) പ്രകാരം, കുറ്റാരോപണ മെമ്മോ താങ്കൾക്ക് നൽകിയതിന്റെ acknowledgement receipt ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കുകയുണ്ടായി. പരാമർശം (4) പ്രകാരം കുറ്റാരോപണ മെമ്മോയ്ക്ക് താങ്കൾ മറുപടി ലഭ്യമാക്കുകയുണ്ടായി. 01.11.2019 മുതൽ നാല് മാസത്തെ ശൂന്യവേതനാവധിയിൽ വിദേശത്തേക്ക് പോയെന്നും , തുടർന്നും ലീവ് ദീർഘിപ്പിക്കുവാൻ അപേക്ഷ നൽകിയെങ്കിലും ആയത് നിരസിക്കപ്പെട്ടുവെന്നും , കുറ്റാരോപണ മെമ്മോ ലഭിച്ച സാഹചര്യത്തിൽ 2022 ഏപ്രിൽ മുതൽ തിരികെ ജോലിയിൽ പ്രവേശിക്കാനായി നാട്ടിൽ തിരിച്ചെത്തുമെന്നും താങ്കൾ അറിയിക്കുകയുണ്ടായി. എന്നാൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി നിശ്ചിത ബോണ്ടോ അപേക്ഷയോ താങ്കൾ സമർപ്പിക്കുകയുണ്ടായില്ല.

പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാൽ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം ഔപചാരികാന്വേഷണം നടത്തുന്നതിന് തീരുമാനിക്കുകയും, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) -നെ പരാമർശം (5) പ്രകാരം നിയമിക്കുകയും ചെയ്തു. ചട്ടം 15 പ്രകാരമുള്ള ഔപചാരികാന്വേഷണം 16.09.2022 തീയതിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് നടത്തുന്നതിന് പരാമർശം (6) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം അറിയിപ്പ് നൽകുകയുണ്ടായി. എന്നാൽ പരാമർശം (7) പ്രകാരം, താങ്കൾ അസൗകര്യം അറിയിച്ച് മറുപടി സമർപ്പിക്കുകയാണ് ഉണ്ടായത്. പ്രസ്തുത മറുപടിയിൽ, താങ്കൾ നിലവിൽ ഭർത്താവിനും കുഞ്ഞിനും ഒപ്പം അമേരിക്കയിലാണെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ രാജ്യത്തേക്ക് മടങ്ങി വരാൻ സാധ്യമല്ലെന്നും 2023 ജനുവരി മുതൽ ജോലിയിൽ പ്രവേശിക്കുവാൻ സന്നദ്ധയാണെന്നും താങ്കൾ ബോധിപ്പിക്കുകയുണ്ടായി.

അസിസ്റ്റന്റ് സർജൻ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഡോ.ഡെൽവിറെബല്ലോ എന്ന താങ്കൾ 01.11.2019 തീയതി മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്നു എന്ന കുറ്റം ചെയ്തതായി തെളിയിക്കപ്പെട്ടിരിക്കുന്നു. താങ്കൾ 120 ദിവസത്തിൽ അധികരിച്ച്, സർക്കാർ അനുമതി കൂടാതെ വിദേശത്ത് യാത്ര ചെയ്ത് ചെലവഴിക്കുക വഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം 1960 ഉപചട്ടം 93 A ലംഘിച്ചതായും തെളിയിക്കപ്പെട്ടിരിക്കുന്നു. ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പിന്റെ സ.ഉ.(അച്ചടി) നം.55/2020/ആ.കു.വ, തീയതി 16.9.2020 ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിൻ പ്രകാരം, സർവ്വീസിൽ പുനഃപ്രവേശിക്കുന്നതിന് അനുമതി തേടികൊണ്ട് നിർദ്ദിഷ്ട ബോണ്ട് താങ്കൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ , 25.01.2022 തീയതിയിൽ 2022 ഏപ്രിൽ മുതൽ ജോലിയിൽ പ്രവേശിക്കാനും, 07.09.2022 തീയതിയിൽ 2023 ജനുവരി മുതൽ ജോലിയിൽ പ്രവേശിക്കാനും സന്നദ്ധയാണെന്ന താങ്കളുടെ അറിയിപ്പ് അസ്വീകാര്യമാണെന്ന് അറിയിക്കുന്നു. ഔപചാരികാന്വേഷണത്തിന് അറിയിപ്പ് കൈപ്പറ്റിയിട്ടും, ആരോഗ്യപരമായ കാരണങ്ങളാൽ അല്ലാതെ അന്വേഷണത്തിൽ നിന്ന് വിട്ട് നിന്നതിനാൽ , താങ്കളുടെ 07.09.2022 തീയതിയിലെ അറിയിപ്പ് നിരസിച്ചും, അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിന്നു എന്ന കുറ്റത്തിന്മേൽ ശിക്ഷണ നടപടി സ്വീകരിക്കാതിരിക്കാൻ മതിയായ കാരണം താങ്കൾ ബോധിപ്പിച്ചിട്ടില്ലാത്തതും പരിഗണിച്ച്, കുറ്റാരോപണത്തിന്മേൽ മതിയായ വിശദീകരണം

താങ്കൾക്ക് ബോധിപ്പിക്കാനില്ല എന്ന് സ്ഥിരീകരിച്ച് താങ്കൾക്കെതിരായ അച്ചടക്ക നടപടി തുടരാൻ തീരുമാനിക്കുകയുണ്ടായി.

ഡോ.ഡെൽവി റെബല്ലോ എന്ന താങ്കൾ അനധികൃതമായി സർവ്വീസിൽ നിന്ന് വിട്ടു നിൽക്കുന്നതിനാലും താങ്കൾ ഔപചാരികാന്വേഷണ വിചാരണയിൽ പങ്കെടുക്കുവാൻ വിസമ്മതിച്ചതിനാലും നിലവിൽ രാജ്യം വിട്ട് പോയതായി അനുമാനിക്കപ്പെടുന്നതിനാലും താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ, പരാമർശം (8) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ ശിപാർശ ചെയ്യുകയും ആരോഗ്യവകുപ്പ് ഡയറക്ടർ ആയത് അംഗീകരിക്കുകയുമുണ്ടായി.

ആയതിനാൽ താങ്കളെ അടിയന്തിര പ്രാബല്യം ആയി വരത്തക്ക രീതിയിൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 311(2)(ബി), 1960-ലെ കെ.സി.എസ് (സി.സി.&എ) ചട്ടം 18(2) എന്നിവ പ്രകാരം താൽക്കാലിക തീരുമാനമെടുത്തിരിക്കുക-യാണ്. ഈ വിഷയത്തിൽ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുള്ള പക്ഷം, ഈ കാരണം കാണിക്കൽ നോട്ടീസ് ലഭിച്ച് ഏഴ് ദിവസത്തിനകം, ആയത് ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് ഇതിന്മേൽ ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണ് എന്ന വിവരം അറിയിക്കുന്നു. (ഔപചാരികാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)

ഡോ.മീനാക്ഷി.വി
ആരോഗ്യവകുപ്പ് ഡയറക്ടർ

**സ്വീകർത്താവ് :-**
ഡോ.ഡെൽവി റെബല്ലോ
അസിസ്റ്റന്റ് സർജൻ
കുടുംബാരോഗ്യ കേന്ദ്രം, കുമാരമംഗലം
(ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി മുഖേന)

ഡോ.ഡെൽവി റെബല്ലോ
തേരക്കാപറമ്പിൽ വീട്
കോഴിപ്പിള്ളി പി.ഒ, കോതമംഗലം
PIN – 686 691.

പകർപ്പ് – 1) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി
(മൂന്ന് പകർപ്പ് അയയ്ക്കുന്നു. ഇതിൽ രണ്ട് പകർപ്പ് ഡോ.ഡെൽവി റെബല്ലോയ്ക്ക് നൽകി അതിൽ ഒരു പകർപ്പിൽ ടിയാരിയുടെ തീയതിയോട് കൂടിയ ഒപ്പ് രേഖപ്പെടുത്തി വാങ്ങി ലഭ്യമാക്കേണ്ടതാണ്.)

2) മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്
കുടുബാരോഗ്യ കേന്ദ്രം, കുമാരമംഗലം, ഇടുക്കി,
3) ഫയൽ / കരുതൽ ഫയൽ
4) വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് (www.dhs.kerala.gov.in)

S.V.

**ഇടുക്കി, കുമാരമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ.ഡെൽവി റെബല്ലോ യ്ക്കെതിരെയുള്ള അച്ചടക്ക നടപടി – 1960 ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരികാന്വേഷണ റിപ്പോർട്ട്**

അന്വേഷണ ഉദ്യോഗസ്ഥൻ : ഡോ.ജോസ്.ജി ഡിക്രൂസ്
അഡീഷണൽ ഡയറക്ടർ (വിജിലൻസ്)

(EC1-33487/2021/ആ.വ.ഡ, തീയതി 19.3.2022 നമ്പർ ഉത്തരവിൻ പ്രകാരം)

ഡോ.ഡെൽവി റെബല്ലോ, അസിസ്റ്റന്റ് സർജൻ എന്ന തസ്തികയിൽ പ്രൊബേഷൻ ആരോഗ്യവകുപ്പിലെ ഡയറക്ടറുടെ 31.8.2019 തീയതിയിലെ ഇ.എ.5/46867/2019/ആ.വ.ഡ നമ്പർ ഉത്തരവ് പ്രകാരം പൂർത്തീകരിച്ച് ഇടുക്കി ജില്ലയിലെ കുമാരമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി നോക്കി വരവേ 01.11.2019 തീയതി മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്നു എന്ന് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 01.10.2021 തീയതിയിൽ കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളതും ആയത് 18.12.2021 തീയതിയിൽ ടിയാരിയുടെ അറിയപ്പെടുന്ന മേൽ വിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തരം കൈപ്പറ്റിയിട്ടുള്ളതും ആകുന്നു. 15 ദിവസത്തിനുള്ളിൽ മറുപടി സമർപ്പിക്കാൻ കുറ്റാരോപണ മെമ്മോയിലൂടെ നിർദ്ദേശിക്കപ്പെട്ടിട്ടും വൈകി 25.01.2022 തീയതിയിൽ മാത്രം കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതുമാണ്.

പ്രതിവാദ പത്രികയിൽ ടിയാരി സമർപ്പിച്ച വിശദീകരണം 01.11.2019 തീയതി മുതൽ 4 മാസത്തെ ശൂന്യവേതനാവധിയിൽ വിദേശത്തേക്ക് പോയെന്നും തുടർന്നും 2 മാസത്തേയ്ക്ക് ലീവ് ദീർഘിപ്പിക്കാൻ അപേക്ഷ നൽകിയിട്ടും ആയത് നിരസിക്കപ്പെട്ടുവെന്നും കുറ്റാരോപണ മെമ്മോ ലഭിച്ച സാഹചര്യത്തിൽ 2022 ഏപ്രിൽ മുതൽ സർവ്വീസിൽ പ്രവേശിക്കാൻ സന്നദ്ധയാണെന്നുമാണ്.

അനധികൃതമായി ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്നത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ദൂഷ്യമായി കണക്കാക്കപ്പെടുന്നതിനാലും , പൊതു ഭരണ വകുപ്പിന്റെ 23.07.2001 തീയതിയിലെ 10553/Adv.c2/2001/പൊ.ഭ.വ നമ്പർ ചുറ്റയിപ്പ് പ്രകാരം സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം 1960 ഉപചട്ടം 93 പ്രകാരം, സർക്കാർ ജീവനക്കാർ അവധിയിൽ സ്വകാര്യ ആവശ്യത്തിന് വിദേശയാത്ര നടത്തുന്നതിലേയ്ക്ക് അവധി അനുവദിക്കാൻ അധികാരപ്പെട്ട സ്ഥാനത്തിന്റെ അനുമതി ആവശ്യമാണ് എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിനാലും ടിയാരി സമർപ്പിച്ച ലീവ് അപേക്ഷ കേരള സർവ്വീസ് ചട്ടം അപ്പൻഡിക്സ് XIIC പ്രകാരമല്ലാത്തതിനാലും സംസ്ഥാനത്ത് കോവിഡ് പടർന്ന സാഹചര്യത്തിൽ 2020 മാർച്ച് മാസം മുതൽ ടിയാരിക്ക് രണ്ട്

മാസത്തേയ്ക്ക് സമർപ്പിച്ച അവധി ദീർഘിപ്പിക്കൽ അപേക്ഷ നിരസിച്ച് അറിയിപ്പ് നൽകിയതും കണക്കിലെടുത്ത്, വിദേശത്തായതിനാൽ നിർദ്ദിഷ്ട സമയ പരിധിയ്ക്ക് ശേഷം സമർപ്പിക്കപ്പെട്ട പ്രതിവാദ പത്രിക പരിഗണിച്ച് പ്രതിവാദം അസ്വീകാര്യമാണെന്ന് കണ്ടെത്തി കേരള സിവിൽ സർവ്വീസസ് (തരം തിരിവും നിയന്ത്രണവും അപ്പീലും), 1960 ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം, കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാന്വൽ ഖണ്ഡിക 53 പാലിച്ച് ഔപചാരികാന്വേഷണത്തിന് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) നെ ചുമതലപ്പെടുത്തി. നേരിൽ 16.9.2022 തീയതിയിൽ ഹാജരാകുന്നതിന് 03.9.2022 തീയതിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം അറിയിപ്പ് നൽകിയതിന് ടിയാരി 07.9.2022 തീയതിയിൽ അസൗകര്യം അറിയിച്ച് മറുപടി സമർപ്പിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

പ്രസ്തുത മറുപടിയിൽ ടിയാരി ബോധിപ്പിച്ചിരിക്കുന്നത് നിലവിൽ ഭർത്താവിനും കുഞ്ഞിനും ഒപ്പം അമേരിക്കയിലാണെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ രാജ്യത്തേക്ക് മടങ്ങി വരാൻ സാധ്യമല്ലെന്നും 2023 ജനുവരി മുതൽ ജോലിയിൽ പ്രവേശിക്കുവാൻ സന്നദ്ധയാണെന്നുമാണ്.

ആരോഗ്യപരമായ കാരണങ്ങളാലല്ലാതെ, രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടും അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണത്തിൽ പങ്കെടുക്കുവാൻ വിസമ്മതിച്ച് കൊണ്ടുള്ള ഡോ.ഡെൽവി റെബല്ലോയുടെ മറുപടിയിന്മേൽ, സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാന്വൽ ഖണ്ഡിക 53(4) പ്രകാരം അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകുന്നതിന് തടസ്സമില്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു.

**<u>കണ്ടെത്തലുകൾ</u>**

1. അസിസ്റ്റന്റ് സർജൻ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഡോ .ഡെൽവി റെബല്ലോ 01.11.2019 തീയതി മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്നു എന്ന കുറ്റം ചെയ്തതായി തെളിയിക്കപ്പെടുന്നു.
2. കുറ്റാരോപിത 120 ദിവസത്തിൽ അധികരിച്ച് സർക്കാർ അനുമതി കൂടാതെ വിദേശത്ത് യാത്ര ചെയ്ത് ചെലവഴിക്കുക വഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം 1960 ഉപചട്ടം 93 ലംഘിച്ചതായി തെളിയിക്കപ്പെട്ടിരിക്കുന്നു.
3. ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പിന്റെ സ.ഉ.(അച്ചടി) നം.55/2020/ആ.കു.വ തീയതി 16.9.2020 ഉത്തരവിൽ നിദ്ദേശിക്കപ്പെട്ടിട്ടുള്ളതിൻ പ്രകാരം, സർവ്വീസിൽ പുന:പ്രവേശിക്കുന്നതിന് അനുമതി തേടിക്കൊണ്ട് നിർദ്ദിഷ്ട ബോണ്ട് സമർപ്പിക്കപ്പെട്ടിട്ടില്ലാത്തതിനാൽ , 25.01.2022 തീയതിയിൽ, 2022 ഏപ്രിൽ മുതൽ ജോലിയിൽ പ്രവേശിക്കാനും, 07.9.2022 തീയതിയിൽ, 2023 ജനുവരി മുതൽ

ജോലിയിൽ പ്രവേശിക്കാനും സന്നദ്ധയാണെന്ന ടിയാരിയുടെ അറിയിപ്പ് അസ്വീകാര്യമാണെന്ന് അഭിപ്രായപ്പെട്ട് റിപ്പോർട്ട് ചെയ്യുന്നു.

4. ഔപചാരികാന്വേഷണത്തിന് അറിയിപ്പ് കൈപ്പറ്റിയിട്ടും ആരോഗ്യപരമായ കാരണങ്ങളാൽ അല്ലാതെ അന്വേഷണത്തിൽ നിന്ന് വിട്ട് നിന്നതിനാൽ, ടിയാരിയുടെ 07.9.2022 തീയതിയിലെ അറിയിപ്പ് നിരസിച്ചും അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്നു എന്ന കുറ്റത്തിന്മേൽ ശിക്ഷണ നടപടി സ്വീകരിക്കാതിരിക്കാൻ മതിയായ കാരണം ബോധിപ്പിച്ചിട്ടില്ലാത്തതും പരിഗണിച്ച്, കുറ്റാരോപണത്തിന്മേൽ മതിയായ വിശദീകരണം ടിയാരിക്ക് ബോധിപ്പിക്കാനില്ല എന്ന് സ്ഥിരീകരിച്ച് അച്ചടക്ക നടപടി തുടരാവുന്നതാണ്.

**<u>ശിപാർശ</u>**

ഡോ.ഡെൽവി റെബല്ലോ അനധികൃതമായി സർവ്വീസിൽ നിന്ന് വിട്ടു നിൽക്കുന്നതിനാലും ടിയാരി ഔപചാരികാന്വേഷണ വിചാരണയിൽ പങ്കെടുക്കുവാൻ വിസമ്മതിക്കുന്നതിനാലും നിലവിൽ രാജ്യം വിട്ട് പോയതായി അനുമാനിക്കപ്പെടുന്നതിനാലും പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അനുമതിയോടെ ടിയാരിയെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് പ്രാദേശിക പത്രം മുഖേന അറിയിപ്പ് നൽകാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

ഡോ.ജോസ്.ജി.ഡിക്രൂസ്
അഡീഷണൽ ഡയറക്ടർ (വിജിലൻസ്)

ആരോഗ്യവകുപ്പ് ഡയറക്ടറുടെ അംഗീകാരത്തിനായി.

അംഗീകരിക്കുന്നു
തുടർനടപടി സ്വീകരിക്കാവുന്നതാണ്
25/10/2022